(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി

1 (3432) ശ്രീ. എ. കെ. ശശീന്ദ്രൻ :

ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റിക്ക് (കെസാക്സ്) സാമ്പത്തിക സഹായം ലഭിക്കുന്നത് എവിടെ നിന്നാണെന്ന് വെളിപ്പെടുത്താമോ ;

(ബി) എച്ച്.ഐ.വി. വ്യാപനം തടയാനുള്ള "സുരക്ഷ" പോലുള്ള പദ്ധതികളിലെ ജീവനക്കാർക്ക് എത്രമാസത്തെ ശമ്പളം നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ ; അടിയന്തരമായി ഈ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റിക്ക് ആവശ്യമായ ഫണ്ട് നൽകണമെന്ന് കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ നാഷണൽ എയ്ഡ്സ് കൺട്രോൾ ഓർഗനൈസേഷനോട് ആവശ്യപ്പെടുമോ ;

(ഡി) അന്യസംസ്ഥാന തൊഴിലാളികൾക്കിടയിലും സ്വവർഗ്ഗ രതിക്കാരായ പുരുഷൻമാർക്കിടയിലും ഉള്ള രോഗഭീഷണികൾ തടയാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) നാഷണൽ എയ്ഡ്സ് കൺട്രോൾ ഓർഗനൈസേഷൻ, ഭാരത സർക്കാർ.

(ബി) സുരക്ഷ പദ്ധതിയിലെ ജീവനക്കാർ സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി (കെസാക്സ്) യുടെ ജീവനക്കാരല്ല. ഇവർ നാഷണൽ എയ്ഡ്സ് കൺട്രോൾ ഓർഗനൈസേഷന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് തിരഞ്ഞെടുക്കപ്പെട്ട സന്നദ്ധ സംഘടനകൾ നിയമിക്കുന്ന താൽക്കാലിക ജീവനക്കാരാണ്. ഇവർക്കുള്ള ശമ്പളം ഈ സംഘടനകൾ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് നൽകേണ്ടതാണ്. ഇപ്പോൾ മൂന്നുമാസത്തെ ശമ്പളം കൊടുക്കാനുണ്ട്. ടാർജറ്റ്ഡ് ഇന്റർവെൻഷൻ എന്നത് അപകടകരമായ ലൈംഗിക ശീലമുള്ള സെക്സ് വർക്കേഴ്സ്, പുരുഷ സ്വവർഗ്ഗരതിക്കാർ, മയക്കുമരുന്ന് കുത്തിവക്കുന്നവർ, മൂന്നാം ലിംഗക്കാർ അഥവാ ട്രാൻസ്ജെൻഡേഴ്സ്, അന്യസംസ്ഥാന തൊഴിലാളികൾ, ദീർഘദൂര ട്രക്ക് ഡ്രൈവർമാർ എന്നിവരുടെ ഇടയിലുള്ള എച്ച്.ഐ.വി. പ്രതിരോധ പ്രവർത്തനമാണ്.

LIBRARY ARCHIVES Kerala Legislative Assembly

നാഷണൽ എയ്ഡ്സ് കൺട്രോൾ ഓർഗനൈസേഷനിൽ നിന്നുള്ള ഫണ്ടിന്റെ ലഭ്യത അനുസരിച്ച് മാത്രമേ പ്രസ്തുത സംഘടനകൾക്ക് പ്രവർത്തനത്തിന് ആവശ്യമായ തുക നൽകാൻ സാധിക്കുകയുള്ളൂ. ഈ തുക സംസ്ഥാന ട്രഷറിയിലൂടെയാണ് എത്തുന്നത്. ഈ സാമ്പത്തിക വർഷത്തിലേയ്ക്കുള്ള ആദ്യ ഗഡു തുക 29-5-2015-ന് സംസ്ഥാന സർക്കാരിന് ലഭ്യമാവുകയും തുടർ നടപടികൾക്കുശേഷം 30-6-2015-ന് ജില്ലാ ട്രഷറിയിൽ ലഭ്യമാക്കുകയും തുടർന്ന് 8-7-2015-ൽ കെസാക്സിന്റെ ബാങ്ക് അക്കൗണ്ടിൽ വരികയും ചെയ്തു. പദ്ധതി നടപ്പിലാക്കുന്ന സംഘടനകൾക്ക് 9-7-2015 മുതൽ അവരുടെ അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ആവുകയും ചെയ്തു. അന്നേ ദിവസം മുതൽ ഈ സംഘടനകൾക്ക് അവരുടെ ജീവനക്കാർക്ക് ശമ്പളം നൽകാൻ സാധിക്കുന്നതാണ്.

(സി) ആവശ്യപ്പെടാറുണ്ട്.

(ഡി) അന്യസംസ്ഥാന തൊഴിലാളികൾക്കിടയിലും സ്വവർഗ്ഗരതിക്കാരായ പുരുഷൻമാർക്കിടയിലും മാത്രമല്ല അപകടപരമായ ലൈംഗികശീലമുള്ള മറ്റ് വിഭാഗങ്ങളായ ലൈംഗിക തൊഴിലാളികളുടേയും മൂന്നാം ലിംഗക്കാർ, മയക്കുമരുന്ന് കുത്തിവെയ്ക്കുന്നവർ, അന്യസംസ്ഥാന തൊഴിലാളികൾ, ദീർഘദൂര ട്രക്ക് ഡ്രൈവർമാർ തുടങ്ങിയവർക്കിടയിലും എയ്ഡ്സ് പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമായി നടപ്പിലാക്കിവരുന്നു. ആയതിനാൽ ഈ വിഭാഗക്കാരുടെ ഇടയിൽ ഗണ്യമായ തോതിൽ എച്ച്.ഐ.വി. വ്യാപനം തടയാൻ കഴിഞ്ഞിട്ടുണ്ട്. ടി പദ്ധതിയുടെ പ്രവർത്തനഫലമായി എച്ച്.ഐ.വി. സാന്ദ്രത ഓരോ വർഷങ്ങളിലും കുറഞ്ഞു വരുന്നതായി നാഷണൽ എയ്ഡ്സ് കൺട്രോൾ ഓർഗനൈസേഷന്റെ എച്ച്.ഐ.വി. സെന്റിനൽ സർവ്വേ സൂചിപ്പിക്കുന്നു. ലൈംഗികതൊഴിലാളികൾക്കിടയിൽ 20 പദ്ധതികളും സ്വവർഗ്ഗരതിക്കാരായ പുരുഷൻമാർക്കിടയിൽ 14 പദ്ധതികളും ഭിന്ന ലിംഗക്കാരുടെ/ട്രാൻസ്ജെൻഡേഴ്സ് ഇടയിൽ 8 പദ്ധതികളും മയക്കുമരുന്ന് കുത്തി വെയ്ക്കുന്നവരുടെ ഇടയിൽ 6 പദ്ധതികളും അന്യസംസ്ഥാന തൊഴിലാളികളുടെ ഇടയിൽ 15 പദ്ധതികളും, ദീർഘദൂര ട്രക്ക് ഡ്രൈവർമാർക്കിടയിൽ 2 പദ്ധതികളും അങ്ങനെ ആകെ 65 പദ്ധതികൾ നടപ്പിലാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly